**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6688** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . പി . ഉബൈദുള്ള | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഇതുമൂലം ശമ്പള വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | ഇല്ല. കോവിഡിന് മുമ്പ് ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രതിമാസം ശരാശരി 20 കോടി രൂപയാണ് സർക്കാർ അനുവദിച്ചിരുന്നത്. എന്നാൽ കോവിഡിനെത്തുടർന്ന് കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുത്തനെ ഇടിഞ്ഞ സാഹചര്യത്തിൽ 2020 മാർച്ച് മാസം മുതൽ പൂർണ്ണമായും സർക്കാർ നൽകുന്ന സാമ്പത്തിക സഹായത്താലാണ് ജീവനക്കാരുടെ ശമ്പളം നൽകി വരുന്നത്. സർക്കാർ നൽകുന്ന സാമ്പത്തിക സഹായം ട്രഷറി നടപടികൾ ഉൾപ്പെടെയുള്ളവ പൂർത്തീകരിച്ച് കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾക്കെടുക്കുന്ന സ്വാഭാവിക കാലതാമസംമൂലം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം നിശ്ചിത തീയതിയിൽ തന്നെ കൊടുക്കാൻ കഴിയുന്നില്ലായെങ്കിലും, എല്ലാ മാസവും മുടക്കം കൂടാതെ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ